Draft #1 of File 12832/ADB3 SO/2019/REG SECT Approved by ESTATE OFFICER ADMINISTRATION on 28-May-2019 12:42 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവകലാശാല കാര്യാലയം -മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിനെ മാലിന്യ മുക്തമാക്കുന്നത് സംബന്ധിച്ച് 20.05.2019 ൽ ബഹു.വൈസ് ചാൻസിലറുടെ ചേമ്പറിൽ ചേർന്ന അടിയന്തിര ആലോചന യോഗത്തിന്റെ മിനിട്സ്. -അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം ബി 3 സെക്ഷൻ**

നമ്പർ. 2307/ADMIN/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 28.05.2019

---

പരാമർശം:-20.05.2019 ൽ ബഹു.വൈസ് ചാൻസിലറുടെ ചേമ്പറിൽ ചേർന്ന അടിയന്തിര ആലോചന യോഗത്തിന്റെ മിനിട്സ്

**<u>ഉത്തരവ്</u>**

കോഴിക്കോട് IIM ,NIIT ,കോഴിക്കോട് എയർപോർട്ട് എന്നിവയുടെ മാതൃകയിൽ മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിനെ മാലിന്യമുക്തമാക്കുന്നതിനു കോഴിക്കോട് 'നിറവി'ന്റെ സാരഥിയായ ശ്രീ. ബാബു പറമ്പത്തിന്റെ നേതൃത്വത്തിൽ 20.05.2019 അസംബ്ലി ഹാളിൽ സംഘടിപ്പിച്ച ആമുഖ പരിപാടിക്കുശേഷം അന്നേദിവസം ഉച്ചകഴിഞ്ഞു ബഹു.വൈസ് ചാൻസിലറുടെ ചേമ്പറിൽ ചേർന്ന അടിയന്തിര യോഗം ചേരുകയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു .

തീരുമാനങ്ങൾ

1.കാമ്പസിൽ ഉപയോഗമില്ലാത്ത വസ്തുക്കൾ ശേഖരിച്ചു തരം തിരിക്കുന്നതിന് ആവശ്യമായ വലുപ്പമുള്ള ഒരു ഷെഡ് (CSF-Central segregation Facility) നിർമ്മിക്കുക ഇത് ചെയ്യുന്നതുവരെ സർവകലാശാല എഞ്ചിനീയർ നിർദ്ദേശിക്കുന്ന സ്ഥലം ഉപയോഗിക്കുക.

2. കാമ്പസ് മാലിന്യ മുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് മൊത്തം ക്യാമ്പസിനെ ആറ് സെക്ടറുകളായി വിഭജിച്ചു ഓരോ സെക്ടറിലേയും പ്രവത്തനങ്ങളുടെ മേൽനോട്ടത്തിന് ജീവനക്കാർ ,വിദ്യാർഥികൾ എന്നിവർ ഉൾപ്പെടുന്ന മേല്നോട്ടക്കമ്മിറ്റികൾ രൂപവത്കരിക്കുക.

3.നിലവിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ക്യാമ്പസ് ക്ലീനിംഗ് / ഗാർഡനിങ് തൊഴിലാളികളിൽനിന്നും തിരഞ്ഞെടുത്തവരെ പദ്ധതിയിൽ ഉൾപ്പെടുത്തുക.

4 .പുനരുപയോഗത്തിനു കൈമാറുന്നതിനുള്ള വസ്തുക്കൾ ശേഖരിച്ചു പൊതുഷെഡിലേക്കു നീക്കം ചെയ്യുന്നതിനു ഉപയോഗിക്കാൻ ലഭ്യമായവയിൽ ഏറ്റവും യോജിച്ച ഒരു വാഹനം എസ്റ്റേറ്റ് സെക്ഷന് അനുവദിക്കാൻ എസ്റ്റേറ്റ് ഓഫീസർക്ക് നിർദ്ദേശം നൽകുക.

5.ജൈവവസ്തുക്കൾ ഉപയോഗിച്ച് കംപോസ്റ്റ് നിർമ്മിക്കുന്നതിന് കോൺക്രീറ്റ് റിങ് കമ്പോസ്റ്റ് ബിന്നുകൾ അടിയന്തിരമായി സജ്ജീകരിക്കുന്നതിന് സർവകലാശാല എഞ്ചിനീയർക്ക് നിർദ്ദേശം നൽകുക.

6.കാമ്പസിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന കെട്ടിടനിർമാണ സാമഗ്രികളുടെ അവശിഷ്ടങ്ങൾ ,സിറാമിക്ക് വസ്തുക്കൾ തുടങ്ങിയവ ഭാവിയിൽ റോഡ് നിർമ്മാണം ,ലാൻഡ് ഫില്ലിംഗ് തുടങ്ങിയവയ്ക്ക് ഉപയോഗിക്കുന്നതിനായി സർവകലാശാല എൻജിനീയർ നിർദേശിക്കുന്ന സ്ഥലത്തു (Construction Waste Yard) സമാഹരിക്കുക.

7.സർവകലാശാല ഉത്തരവ് പ്രകാരം ഏതെങ്കിലും തരത്തിലുള്ള ധനസഹായത്തോടെ സംഘടിപ്പിക്കപ്പെടുന്ന പരിപാടികളിലെ ഭക്ഷണവിതരണത്തിനു വിവിധ ഉത്തരവുകൾ പ്രകാരം കാമ്പസിൽ നിരോധിച്ചിട്ടുള്ള വസ്തുക്കൾ ഉപയോഗിക്കുന്നത് കർശനമായി തടയുക.ഇതിനായി ഇത്തരം പരിപാടികൾക്ക് അനുമതി /ഫണ്ട് നൽകിക്കൊണ്ടുള്ള ഉത്തരവുകളിൽതന്നെ പരിപാടികൾ സംബന്ധിച്ചു ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസർക്ക് മുൻകൂർ അറിയിപ്പ് നൽകുക. പരിപാടികൾക്ക് അനുവദിച്ച തുക ക്രമപ്പെടുത്തുന്നതിനുള്ള അപേക്ഷയോടൊപ്പം പരിപാടി ഗ്രീൻ പ്രോട്ടോകോൾ നിബന്ധനകൾക്ക് വിധേയമായാണ് നടത്തിയതെന്ന നോഡൽ ഓഫീസറുടെ സാക്ഷ്യപത്രം കൂടി ഉൾപ്പെടുത്തുക എന്നീ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തുകയും ചെയ്യുന്നതിന് ബന്ധപ്പെട്ട സെക്ഷനു കൾക്കും എല്ലാ ഡിപ്പാർട്മെന്റുകൾക്കും നിർദേശം നൽകി പരിപത്രം പുറപ്പെടുവിക്കുക

8.കാമ്പസിൽ ഉപയോഗമില്ലാത്ത വസ്തുക്കൾ തരംതിരിച്ചു ശേഖരിക്കുന്നതിന് ഉതകുന്ന രീതിയിൽ കൂടുതൽ ബിന്നുകൾ സ്ഥാപിക്കുന്നതിന് എസ്റ്റേറ്റ് വിഭാഗത്തെ ചുമതലപ്പെടുത്തുക.

9.പരിസരങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന വസ്തുക്കളുടെ അളവ് ഏറ്റവും പരിമിതപ്പെടുത്തുന്നതിനു കാമ്പസിലെ ടീ /കോഫി സ്റ്റാളുകൾക്ക് രേഖാമൂലം അറിയിപ്പ് നൽകുക.ടെട്രാ പാക്കുകളിൽ അടക്കം ചെയ്തു വരുന്ന പാനീയങ്ങളുടെ വിൽപ്പന ക്യാമ്പസിൽ നിരോധിക്കുക.

10.കോഴിക്കോട് 'നിറവ്',ഹരിതകേരളം മിഷൻ എന്നിവയുടെ സജീവ പിന്തുണയോടെ കാമ്പസിൽ പൂർണതോതിൽ നടപ്പാക്കിത്തുടങ്ങുന്ന മാലിന്യ സംസ്കരണ - പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കാളികളാകുന്നതിനും വിവിധ പരിപാടികൾക്ക് നേതൃത്വം നൽകുന്നതിനും ഇത്തരം പ്രവർത്തനങ്ങളിൽ താൽപര്യവും അഭിരുചിയുമുള്ള സർവകലാശാല ജീവനക്കാരെ പദ്ധതിയിലേക്ക് ക്ഷണിച്ചുകൊണ്ട് ഒരു പരിപത്രം അടിയന്തിരമായി പുറപ്പെടുവിക്കുക.

11.ശ്രീ.ബാബു പറമ്പത്തിന്റെ നേതൃത്വത്തിൽ തന്നെ കഴിയുന്നത്ര വിദ്യാർത്ഥികളെ കൂടി പങ്കെടുപ്പിച്ച് കൊണ്ട് മറ്റൊരു പ്രചാരണ പരിപാടി 18.06.2019 ന് സംഘടിപ്പിക്കുക.പരിപാടിയിൽ പ്രദർശിപ്പിക്കുന്നതിന് അന്നേ ദിവസം വരെ സ്വീകരിച്ച നടപടികൾ ,ഭാവി പരിപാടികളുടെ സംഗ്രഹം എന്നിവ ഉൾപ്പെടുത്തിയ ഒരു പവർ പോയിൻറ് തയ്യാറാക്കുക.

Draft #1 of File 12832/ADB3 SO/2019/REG SECT Approved by ESTATE OFFICER ADMINISTRATION on 28-May-2019 12:42 PM - Page 2

മലയാളം സർവ്വകലാശാല

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ അംഗീകരിച്ച് ബഹു.വൈസ്-ചാൻസലർ (i/c)ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

വെങ്കിടേശ്വരൻ .ആർ

എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 .എല്ലാ സെക്ഷനുകൾ ,ഡിപ്പാർട്ട്മെന്റുകൾ
2 .വൈസ്-ചാൻസലാറുടെ പി.എസ്
3 .രജിസ്ട്രാർ /എഫ്.ഒ / സി .ഇ .എന്നിവരുടെ പി.എ
4 .എ .ആർ / ഡി .ആർ / ജെ .ആർമാർ
5 .സ.എഞ്ചിനീയർ /സെക്യൂരിറ്റി ഓഫീസർ /എസ്റ്റേറ്റ് ഓഫീസർ
6 .ഹോസ്റ്റൽ സെക്രട്ടറി
7 .സെക്രട്ടറി,സ്റ്റാഫ് ക്വാർട്ടേഴ്സ് റസിഡന്റ്സ് അസോസിയേഷൻ
8 .സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 12832/ADB3 SO/2019/REG SECT Approved by ESTATE OFFICER ADMINISTRATION on 28-May-2019 12:42 PM - Page 3
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം